# കേരള സർവകലാശാല

നം.പി.ആർ.122/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2019 മെയ് മാസത്തിൽ നടത്തിയ ബി .എ (ആന്വൽ സ്കീം ) ബിരുദം (റെഗുലർ വിദ്യാർഥികൾ ) പാർട്ട് III മെയിൻ വിഷയങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു പുനർമൂല്യ നിർണയത്തിനും , സൂക്ഷ്മ പരിശോധനക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 6 .കരട് മാർക്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ .

ജൂലൈ 2019 നടത്തുന്നു എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി എച്ച്എം) 2011 & 2014 സ്കീം പരീക്ഷക്കുള്ള അപേക്ഷ ക്ഷണിച്ചു .പിഴ കൂടാതെ ജൂൺ 17 വരെയും 50 രൂപ പിഴയോടെ ജൂൺ 21 വരെയും ,125 രൂപ പിഴയോടെ ജൂൺ 28 വരെയും അപേക്ഷികാം..2014 അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി അപേക്ഷിക്കണം.

2019 ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) ബിരുദ (റെഗുലർ വിദ്യാർഥികൾ) പാർട്ട് III ഹിന്ദി, അറബിക്, ബി.എ അഫ്സൽ-ഉൽ-ഉലമ എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2019 ജൂലൈ 6 .കരട് മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ് .

## പരീക്ഷ കേന്ദ്രങ്ങൾ

അഞ്ചാം സെമസ്റ്റർ ബി .ടെക് (സപ്ലിമെന്ററി ) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ (2008 & 2013 സ്കീം ) പ്രാക്ടിക്കൽ പരീക്ഷകൾ 2019 ജൂൺ 11 ,12 ,13 എന്നീ തീയതികളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും ,ടി .കെ .എം

കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലത്തു വച്ച് നടത്തുന്നതാണ് .,ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് പ്രാക്ടിക്കൽ പരീക്ഷക്കു(2013 സ്കീം പവർ ഇലക്ട്രോണിക്സ് ലാബ് )

കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും ,ഗവ .എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൻ ഹിൽ എന്നീകോളേജുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നവർ 2019 ജൂൺ 14 ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും ഹാജരാക്കേണ്ടതാണ് .വിശദവിവരം വെബ്സൈറ്റിൽ .

## പി .എച്ച് .ഡി

2019 ജൂലൈയിൽ നടത്തുന്ന പി .എച്ച് .ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു .വിശദവിവരം വെബ്സൈറ്റിൽ.

## വിദൂരവിദ്യാഭ്യാസം

രണ്ടാം സെമസ്റ്റർ എം .എസ സി കമ്പ്യൂട്ടർ സയൻസ് ക്ലാസുകൾ ജൂൺ 8 ന് കാര്യവട്ടം ക്യാമ്പസിൽ വച്ച് ആരംഭിക്കുന്നതാണ് .

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2019–20 പ്രോഗ്രാമിൽ എസ്.റ്റി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2019 ജൂൺ 11–ാം തീയതി (ചൊവ്വാഴ്ച) രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ 0471–2308839, 09446533386 ബന്ധപ്പെടുക.

## ഒന്നാം വർഷ പി.ജി പ്രവേശനം ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 11.06.2019.

കേരള സർവകലാശാലയുടെ 2019-2020 അദ്ധ്യയന വർഷത്തെ പി.ജി പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും ജൂൺ 11ന് വൈകുന്നേരം 5 മണി വരെ

സമയം ഉണ്ടായിരിക്കും.മാറ്റങ്ങൾ വരുത്തുന്നവർ അതിനുശേഷമുള്ള പ്രിന്റ്  ഔട്ട് എടുക്കേണ്ടതാണ്.

പി.ജി ഓൺലൈൻ രജിസ്ട്രേഷൻ 11.06.2019 5 മണിക്ക് അവസാനിക്കുന്നതാണ്. പി.ജി ക്ലാസുകൾ ജൂൺ 17 ന് ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം,

07 – 06 – 2019



പബ്ലിക്  റിലേഷൻസ്  ഓഫീസർ (ഇൻ – ചാർജ്)


e-mail: ku.release@gmail.com

ku.release@keralauniversity.ac.in

website: www.keralauniversity.ac.in